**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 533** **28-01-2026-ൽ മറുപടിയ്ക്ക്**

**<u>സംസ്ഥാനത്തിന്റെ ധനസ്ഥിതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. എം. വിൻസെന്റ്

N/A independent_member_mock

ശ്രീമതി ഉമ തോമസ്

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്തിന്റെ നിലവിലെ ധനസ്ഥിതിയെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ധനസ്ഥിതി മുൻവർഷത്തെക്കാൾ മോശമായ അവസ്ഥയിലാണോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** നോട്ട് നിരോധനം, കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം മൂലം സംസ്ഥാനത്ത് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തത്, GST നിരക്കുകളുടെ ഏകീകരണം, കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്യാത്ത പുതിയ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി വായ്പാ പരിധിയിൽ കുറവ് വരുത്തിയത്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകളും സർക്കാർ കടമായി കണക്കിലെടുത്ത് സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തുന്ന സമീപനം സ്വീകരിച്ചത് അടക്കമുള്ള കേന്ദ്ര നടപടികൾ കാരണം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ടി പ്രശ്നങ്ങളെല്ലാം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ആയതിന്റെ ഭാഗമായി ദൈനംദിന മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും സർക്കാർ സ്വീകരിക്കുന്നുണ്ട്. വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് ഓരോ വർഷവും കൂടുതൽ വിഹിതമാണ് സംസ്ഥാനം വകയിരുത്തുന്നത്. നികുതി പിരിവ് ഊർജ്ജിതമാക്കിയും ചെലവുകൾക്ക് മുൻഗണന നിശ്ചയിച്ചും മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തിയും ലഭ്യമായ സാമ്പത്തിക സ്രോതസ്സുകൾ ഫലപ്രദമായി വിനിയോഗിച്ചും വികസന പ്രവർത്തനങ്ങൾക്ക് ഭംഗം വരുത്താതെ സാമ്പത്തിക സുസ്ഥിരത കൈവരിക്കുവാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്.

**(ബി)** നടപ്പുവർഷത്തിൽ അനുവദിച്ച പരിധിയിൽ കൂടുതൽ കടമെടുക്കാൻ കേന്ദ്രത്തിൽ നിന്നും അനുമതി തേടിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ;

**<u>മറുപടി:</u>** വിവിധ കേന്ദ്ര നടപടികൾ കാരണം ഉണ്ടായ വിഭവ വിടവ് പരിഹരിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം തനി കടമെടുപ്പ് പരിധി മൊത്തം സംസ്ഥാന ആഭ്യന്തരോത്പാദനത്തിന്റെ 4 ശതമാനമാക്കി ഉയർത്തണം എന്ന് കേന്ദ്രത്തോട് ആവശ്യപെട്ടിരുന്നുവെങ്കിലും ഈ വിഷയത്തിൽ അനുകൂലമായ പ്രതികരണം കേന്ദ്രം ഇതുവരെ അറിയിച്ചിട്ടില്ല.

**(സി)** സംസ്ഥാനത്തിന്റെ കടമെടുപ്പ് അഭ്യർത്ഥന കേന്ദ്ര സർക്കാർ നിരസിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ?

**<u>മറുപടി:</u>** സംസ്ഥാനത്തിന് അർഹതപ്പെട്ട കടമെടുപ്പ് പരിധിയിൽ നിന്നും നടപ്പ് സാമ്പത്തിക വർഷം ആകെ 20309.94 കോടി രൂപയുടെ കുറവ് കേന്ദ്രം വരുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**